## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട<br>ചോദ്യം നമ്പർ. 146 | 31.01.2018 - ൽ മറുപടിക്ക് |

## അഗതി രഹിത കേരളം പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.മുകേഷ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.പി.കെ.ശശി | | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളുടെ സംരക്ഷണത്തിനായി അഗതി രഹിത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്; കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളതും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെയും നാളിതുവരെ പദ്ധതിയുടെ ഭാഗമാകാത്ത അർഹരായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'അഗതിരഹിത കേരളം' ആരംഭിച്ചിരിക്കുന്നത്. പദ്ധതിയിലൂടെ കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ, എന്നിവ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) ഇതുസംബന്ധിച്ച വിവരശേഖരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്തൃ സർവ്വെ കുടുംബശ്രീ തയ്യാറാക്കിയ പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും പൂർത്തിയാക്കുകയും കരട് പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ കൈപ്പറ്റിയ അപ്പീലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർപുന:പരിശോധന നടത്തിവരികയാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിനടത്തിപ്പിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹതയുള്ളവരെ വിട്ടുപോകാതിരിക്കാൻ ,ഇതുസംബന്ധിച്ച സർവ്വേ ജോലികൾ കുടുംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്; പദ്ധതി ഗുണഭോക്താക്കളെ തിരെഞ്ഞെടുക്കുന്ന സർവ്വെയിൽ അർഹരായ ആരും തന്നെ ഒഴിവാക്കപ്പെടാതിരിക്കുവാനായി കുടുംബശ്രീ പരിശീലനം നൽകിയ റിസോഴ്സ് പേഴ്സൺമാർ ഇതിനായി പ്രത്യേകം തയ്യാറാക്കിയ മൊബൈൽ ആപ്പ് ഉപയോഗിച്ചാണ് വിവരശേഖരണം നിർവ്വഹിച്ചിരിക്കുന്നത്: |
| (ഡി) | പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച പരാതികളുംആക്ഷേപങ്ങളും അവ ഉന്നയിക്കുന്ന ആൾ നിശ്ചിത ഫാറത്തിൽ രേഖപ്പെടുത്തി സി.ഡി.എസ് ചെയർപേഴ്സണ് നല്കുമ്പോൾ സി.ഡി.എസ് ചെയർപേഴ്സൺ അവ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കൈമാറുകയും പരാതിക്കാരന് രസീത് നൽകുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥ(ൻ) അപ്പീലിന്മേൽ പുന:പരിശോധന നടത്തുന്നതാണ്. പുന:പരിശോധന പ്രകാരം സർവേ പട്ടികയിൽ വരുന്ന മാറ്റങ്ങൾ കുടുംബശ്രീ ജില്ലാമിഷന് രേഖാമൂലം സി.ഡി.എസ് വഴി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി കൈമാറേണ്ടതും ജില്ലാമിഷൻ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതുമാണ്. ഇപ്രകാരം തയ്യാർ ചെയ്യപ്പെടുന്ന പട്ടികയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിളിച്ച് ചേർക്കപ്പെടുന്ന പ്രത്യേക അഗതി ഗ്രാമസഭയിലാണ് അന്തിമ അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ